**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4703** **13-03-2023 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിൽ കാട്ടാനകളെ തുരത്താൻ രൂപം നൽകിയ ദൗത്യസേന**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ. എ. കെ. ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ കാട്ടാനകളെ തുരത്താൻ രൂപം നൽകിയ ദൗത്യസേനയുടെ ദൗത്യം അവസാനിപ്പിച്ചിട്ടുണ്ടോ; | (എ) | കാസർഗോഡ് ജില്ലയിൽ കാട്ടാനകളെ തുരത്തുന്നതിന് രൂപം നൽകിയ ദൗത്യസേനയുടെ ദൗത്യം നിലവിൽ അവസാനിച്ചിട്ടില്ല. |
| (ബി) | ജില്ലയിൽ ഇപ്പോഴും കാട്ടാനകൾ നാട്ടിലിറങ്ങി കൃഷി നശിപ്പിക്കുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | കാസർഗോഡ് ഡിവിഷന്റെ കാറഡുക്ക സെക്ഷന്റെ ഭാഗങ്ങളിൽ കാട്ടാനക്കൂട്ടം ഒരുമിച്ചിറങ്ങിയിട്ട് കൃഷി നശിപ്പിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2023 ജനുവരി, ഫെബ്രുവരി മാസങ്ങളിലായി കാട്ടാനമൂലമുള്ള കൃഷിനാശത്തിന് 13 ഓളം അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. |
| (സി) | എല്ലാ കാട്ടാനകളേയും ഉൾവനത്തിനേക്ക് തുരത്തി മനുഷ്യരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്ന നടപടി സ്വീകരിക്കുന്ന വിഷയം പരിഗണിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | ജനവാസമേഖലകളിലിറങ്ങി ജീവനും, സ്വത്തിനും ഭീഷണിയാകുന്ന വന്യമൃഗങ്ങളെ പ്രതിരോധിക്കുന്നതിന് തദ്ദേശീയരായ ആളുകളെ ഉൾപ്പെടുത്തി ആർ.ആർ.ടി യുടെ സേവനം വിപുലപ്പെടുത്തി അവയെ തിരികെ കാട്ടിലേക്ക് കയറ്റിവിടുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ